## 786

*രീതി: ഉറക്കം തെളിവോം*

**ഉണർന്നെഴുന്നേൽപ്പിൻ ഉണർന്നെഴുന്നേൽപ്പിൻ ഉത്സുകരായിരിപ്പിൻ**
**ഉന്നതനാഥൻ ഉയിർത്തെഴുന്നേറ്റു ഉയരത്തിൽ ജീവിക്കുന്നു**

1 ഇരുൾ മൂടും കാലം ഈ ഭൂവിൽ വരുവാൻ ഇല്ലിനി നാളധികം
പ്രബുദ്ധരായ് നമ്മൾ പ്രവൃത്തികൾ ചെയ്‌വിൻ പ്രത്യാശയോടിരിപ്പിൻ-

2 അത്തിയും തളിർത്തു വേനലുമടുത്തു ക്രിസ്‌തുവിൻ വരവടുത്തു
വിശുദ്ധിയെക്കാത്തു വിശുദ്ധർ നാമൊത്തു വിജയത്തിൻ ഗീതംപാടാം-

3 ക്രിസ്‌തുവിൽ ചെയ്യും പ്രവൃത്തികളൊന്നും വൃഥാവിലല്ലല്ലൊ
പ്രതിഫലം ലഭിക്കും കിരീടം ധരിക്കും പ്രിയനവൻ വരും നാളിൽ-

4 പുതുമേനി ധരിച്ചു പുതുവീണയേന്തി പുതുഗാനം പാടിയന്നാൾ
പരലോകം തന്നിൽ പിരിയാതെ നമ്മൾ പരനോടു ചേർന്ന് വാഴും-

**G.P.**